**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 570** **23-06-2026-ൽ മറുപടിയ്ക്ക്**

**<u>സഹകരണ സ്ഥാപനങ്ങളുടെ പൊതുവിപണി ഇടപെടലും വിലക്കയറ്റം നിയന്ത്രിക്കലും</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി

ശ്രീ. എം. ലിജു
(സഹകരണ-എക്സൈസ് വകുപ്പ് മന്ത്രി)

**(എ)** ഓണത്തിനും മറ്റ് ഉത്സവകാലത്തും പൊതുവിപണിയിൽ ഇടപെട്ട് വിലക്കയറ്റം നിയന്ത്രിക്കുന്നതിന് 2016 മുതൽ 2026 വരെ സഹകരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ നടപ്പിലാക്കിയ വിവിധ പദ്ധതികളെപ്പറ്റി വിശദമാക്കാമോ;

**<u>മറുപടി:</u>** 2016 മുതൽ 2026 വരെ സംസ്ഥാനത്തെ സഹകരണ ശൃംഖല ഉപയോഗപ്പെടുത്തി പൊതു വിപണിയിൽ ഇടപെടലുകൾ നടത്തുന്നതിന്റെ ഭാഗമായി ഉത്സവകാലങ്ങളിലുണ്ടാകുന്ന ക്രമാതീതമായ വിലക്കയറ്റം നിയന്ത്രിക്കുന്നതിന് വേണ്ടി സർക്കാർ സബ്സിഡിയോടുകൂടി സഹകരണ വകുപ്പിന്റെ കീഴിൽ കൺസ്യൂമർ ഫെഡറേഷൻ മുഖേന പ്രാഥമിക സഹകരണ സംഘങ്ങളെ ഏകോപിപ്പിച്ച് 13 ഇനം നിത്യോപയോഗ സാധനങ്ങൾ നിയന്ത്രിത അളവിൽ സബ്സിഡിയോടു കൂടി താല്ക്കാലികമായി സഹകരണ വിപണികൾ ആരംഭിച്ച് വിൽപന നടത്തി വന്നിട്ടുണ്ട്. ഈ കാലയളവിൽ ഓണം, വിഷു, ഈസ്റ്റർ, റംസാൻ, ക്രിസ്തുമസ് തുടങ്ങിയ വിശേഷ അവസരങ്ങളിൽ ഉത്സവ ചന്തകളിലൂടെ 29180 സബ്സിഡി വിപണികൾ സംഘടിപ്പിച്ചിട്ടുണ്ട്.

**(ബി)** സഹകരണ സ്ഥാപനങ്ങൾ മുഖേനയുള്ള വിപണി ഇടപെടലും വിലക്കയറ്റം നിയന്ത്രിക്കലും തുടരുമോ; വിശദമാക്കാമോ?

**<u>മറുപടി:</u>** സഹകരണ സ്ഥാപനങ്ങൾ മുഖേനയുള്ള വിപണി ഇടപെടലും വിലക്കയറ്റം നിയന്ത്രിക്കലും തുടരും.

**സെക്ഷൻ ഓഫീസർ**